**Malayala Manorama - 03/02/2018**

# കാർഷിക സർവകലാശാലയിൽ പുസ്തകോത്സവം

മണ്ണുത്തി ● കേരള കാർഷിക സർവകലാശാലയുടെ ത്രിദിന ദേശീയ പുസ്തകോത്സവവും ചിത്രപ്രദർശനവും ഇന്നു സമാപിക്കും. കാർഷിക സർവകലാശാല ആസ്ഥാനത്തെ കേന്ദ്ര ലൈബ്രറിയിലാണു പ്രദർശനം. തൃശൂർ- പാലക്കാട് ദേശീയപാതയിലെ തോട്ടപ്പടി ബസ് സ്റ്റോപ്പിൽനിന്നു 300 മീറ്റർ മാത്രം അകലെയാണു കേന്ദ്ര ലൈബ്രറി.

ശാസ്ത്ര സാങ്കേതികം, കൃഷി, വിദ്യാഭ്യാസം, സാഹിത്യം, ഭാഷ, വിനോദം, സിനിമ, ആരോഗ്യം തുടങ്ങി എല്ലാ വിഷയങ്ങളിലുമുള്ള പ്രമുഖ ദേശീയ, അന്തർദേശീയ പ്രസാധകരുടെ ആയിരക്കണക്കിനു പുസ്തകങ്ങൾ മേളയിലുണ്ട്.

പുസ്തകോത്സവത്തോടനുബന്ധിച്ചു കേരള ലളിതകലാ അക്കാദമിയുമായി സഹകരിച്ചു സംഘടിപ്പിച്ചിട്ടുള്ള പെയിന്റിങ് പ്രദർശനത്തിൽ കലാകാരന്മാരായ കെ.ആർ.കുമാരൻ (വെറ്ററിനറി സർവകലാശാല), കെ.ജെ.വിനോദ്, ഡോ. ഒ.ആർ.സുലജ, ബെൻസി വർഗീസ് (കാർഷിക സർവകലാശാല), അരുൺ ആന്റണി, സാന്റി രാജേഷ് തുടങ്ങിയവരുടെ ചിത്രങ്ങളാണുള്ളത്.

വിദ്യാർഥികൾ, അധ്യാപകർ, കർഷകർ, സ്കൂളുകൾ, കോളജുകൾ, ലൈബ്രറികൾ, പൊതുജനങ്ങൾ എന്നിവർക്കു 15 മുതൽ 50% വരെ വിലക്കിഴിവിൽ പുസ്തകങ്ങൾ വാങ്ങാവുന്നതാണ്.



കാർഷിക സർവകലാശാലാ കേന്ദ്ര ലൈബ്രറിയിൽ നടക്കുന്ന പുസ്തകോത്സവം.